ക്രിസ്തുമസ്

## കെനോസിസ്

റവ. ഡോ. സാബു കുമ്പുക്കൽ

ആകാശത്ത് ഒരു കൊച്ചുപക്ഷിയെപ്പോലെ വിമാനം പോകുന്നത് കണ്ടപ്പോൾ മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുഞ്ഞിന് ഒരു സംശയം: 'പപ്പാ, നോക്കൂ... എത്ര ഉയരത്തിലാണ് ഈ വിമാനം! അതിലേക്ക് കയറിച്ചെല്ലണമെങ്കിൽ എന്തുമാത്രം നീളമുള്ള കോവണി വേണ്ടിവരും!' അവന്റെ നിഷ്കളങ്കമായ സംശയത്തിനുത്തരമായി പിതാവ് പറഞ്ഞു: 'കുഞ്ഞേ, നമ്മൾ ആകാശത്തേക്ക് കയറിച്ചെല്ലേണ്ട കാര്യമില്ല; നമ്മളെ കയറ്റിക്കൊണ്ടുപോകാൻ വിമാനം താഴേക്കിറങ്ങിവരും.'

'കെനോസിസ്' എന്ന ഗ്രീക്കുപദം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ട്. 'ശൂന്യവത്ക്കരണം' എന്നാണ് ഇതിന്റെ അർത്ഥം. ''ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിച്ചില്ല'' (ഫിലി. 2:6) എന്ന പൗലോസ് ശ്ലീഹായുടെ പ്രസ്താവനയാണ് ഇതിനാധാരം. എല്ലാവരും സ്വയം വലിയവരെന്ന് നടിച്ച് വലുതാകാൻ നോക്കുമ്പോൾ സർവശക്തൻ സ്വയം ചെറുതായി മാതൃക കാട്ടുന്നു. അഹന്തയുടെയും സ്വാർത്ഥതയുടെയും സംസ്കാരത്തിന് വിഭിന്നമായി ശൂന്യവത്ക്കരണത്തിന്റെ സംസ്കാരത്തിന് പുൽക്കൂട് തുടക്കംകുറിച്ചു. മനുഷ്യനെ വിണ്ണിലേക്കുയർത്താൻ ദൈവം മണ്ണിലേക്കിറങ്ങിവന്നു.

പണ്ഡിതനായ ഐറേനിയസ് ഓഫ് ലിയോൺസിന്റെ അഭിപ്രായത്തിൽ 'ദൈവം മനുഷ്യനായത് മനുഷ്യനെ ദൈവമാക്കാനാണ്.' മനുഷ്യനിൽ കുടികൊള്ളുന്ന, പാപം ശിഥിലമാക്കിയ ദൈവരാജ്യത്തെ, തന്റെ വചനങ്ങളിലൂടെയും കർമ്മങ്ങളിലൂടെയും പുനഃസൃഷ്ടിച്ച് ദൈവികജീവൻ വീണ്ടെടുത്തു നല്കുകയായിരുന്നല്ലോ മനുഷ്യാവതാരത്തിന്റെ ദൗത്യം. അത് സാധ്യമാകണമെങ്കിൽ ദൈവം മനുഷ്യനോളം താഴേണ്ടിയിരുന്നു, സ്വയം ശൂന്യമാകേണ്ടിയിരുന്നു. അങ്ങനെ സ്രഷ്ടാവ് തന്റെ സൃഷ്ടിയുടെ പ്രതിച്ഛായ സ്വീകരിച്ച ചരിത്രാനുഭവമാണ് ക്രിസ്മസ്.

മറ്റൊരാൾക്ക് മുന്നിൽ മനഃപൂർവം ചെറുതാകാൻ ഒരാളെ പ്രേരിപ്പിക്കുന്ന വികാരം നിർവ്യാജസ്നേഹമാണ്. കൊച്ചുകുഞ്ഞിന്റെ പിടിവാശികൾക്കു മുന്നിൽ മാതാപിതാക്കൾ പരായം സമ്മതിക്കാറില്ലേ? തന്റെ വലിപ്പം അറിയാവുന്ന ഒരാൾക്ക് മാത്രമേ മറ്റുള്ളവരുടെ മുന്നിൽ ചെറുതാകാൻ കഴിയൂ. അല്ലാത്തവർ മറ്റുള്ളവരെ കൊച്ചാക്കി സ്വയം വലുതാണെന്ന് ഭാവിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. ഒരു മതിലിൽ കയറാൻ രണ്ടുപേർ പരിശ്രമിക്കുന്നുവെന്ന് കരുതുക. ഒരാൾ കുനിഞ്ഞുനിന്ന് മറ്റേയാളെ തന്റെ മുതുകിൽ ചവിട്ടി കയറാൻ അനുവദിക്കുന്നുണ്ടെങ്കിൽ സംശയിക്കേണ്ട, അയാൾക്കാണ് കൂടുതൽ കരുത്തുള്ളത്. ജയിക്കാമായിരുന്നിട്ടും മറ്റൊരാളുടെ മുന്നിൽ തോറ്റു കൊടുക്കുന്നതും വിട്ടുവീഴ്ച ചെയ്യുന്നതും ബലഹീനതയുടെയല്ല, കരുത്തിന്റെ അടയാളമാണ്.

പുൽക്കൂട്ടിൽ ദൈവം ചെറുതാകലിന്റെ പുതിയ സംസ്കാരത്തിലേക്ക് മനുഷ്യകുലത്തെ ക്ഷണിക്കുകയായിരുന്നു. ലോകത്തിലെ സകല പ്രശ്നങ്ങളുടെയും ആത്യന്തികപരിഹാരം 'കെനോസിസ്' ആണെന്ന് അവനു ബോധ്യമുണ്ടായിരുന്നു. വ്യക്തിബന്ധങ്ങളിലും കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും രാഷ്ട്രങ്ങൾക്കിടയിലും 'സോറി' എന്നും

‘ക്ഷമിച്ചു’ എന്നുമൊക്കെയുള്ള വാക്കുകളിലൂടെ സ്വയം ചെറുതാകാൻ ആരെങ്കിലും തയ്യാറായാൽ തീരാവുന്ന പ്രശ്നങ്ങളേ ഉള്ളൂ ഈ ലോകത്തിൽ.

മനുഷ്യന്റെ കൂടെ സവാരി നടത്താൻ ആഗ്രഹിക്കുന്ന ദൈവത്തെ പരിചയപ്പെടുത്തിക്കൊണ്ടാണ് വിശുദ്ധഗ്രന്ഥം ആരംഭിക്കുന്നത്. എന്നാൽ, പെട്ടെന്നുതന്നെ കാര്യങ്ങൾ മാറിമറിഞ്ഞു. പാപം തീർത്ത മതിൽക്കെട്ട് മനുഷ്യനെ ദൈവത്തിൽ നിന്നകറ്റി. ദൈവവും മനുഷ്യനും ഇരുധ്രുവങ്ങളിലേക്ക് അകന്നതുപോലെയായി.

എന്നാൽ, പാപം നഷ്ടപ്പെടുത്തിയ പറുദീസ ഭൂമിയിൽ പുൽക്കൂട്ടിലൂടെ പുനഃസ്ഥാപിക്കപ്പെട്ടു. കാണാനും കേൾക്കാനും കരങ്ങളിൽ വാരിയെടുത്ത് പുണരാനും സാധിക്കുന്ന പൈതലായി ദൈവം മണ്ണിലവതരിച്ചു. തകർന്നുപോയ ദൈവമനുഷ്യബന്ധം വിളക്കിച്ചേർക്കപ്പെട്ടു. മാലാഖമാർ ഭൂമിയിൽ ഇറങ്ങി വന്നു പറുദീസയിലെന്നവണ്ണം സ്വർഗീയഗാനങ്ങളാലപിച്ചു. ദൈവം പിറക്കുന്നത് രാജകൊട്ടാരത്തിലായിരിക്കുമെന്ന നിഗമനത്തിൽ അവനെത്തിരക്കി അവിടെയെത്തിയ പണ്ഡിതന്മാർക്ക് തെറ്റി. അവനെ അവർ കണ്ടെത്തിയത് പുൽക്കൂടിന്റെ ലാളിത്യത്തിലാണ്. ഇനിമേൽ ദൈവം മണ്ണിൽ മനുഷ്യനോടൊത്ത് സഞ്ചരിക്കുന്ന ഇമ്മാനുവേലാണ്; ‘ദൈവം നമ്മോടുകൂടെ’.

‘ക്രിസ്തുവിനെ എനിക്കിഷ്ടമാണ്, കാരണം അവനു മുറിവുകളുണ്ട്’ എന്നെഴുതി ക്രിസ്തുമതം ആശ്ലേഷിച്ച കവിയെക്കുറിച്ച് വായിക്കാനിടയായി. ശരിയാണത്, മുറിവുകളുള്ള ദൈവത്തെയാണ് സാധാരണ മനുഷ്യർ വല്ലാതെ പ്രണയിച്ചു പോകുന്നത്. ശത്രുവിനെ, ആയുധം കൊണ്ടല്ല, സ്നേഹം കൊണ്ടും ക്ഷമ കൊണ്ടുമാണ് കീഴടക്കേണ്ടത് എന്ന് സ്വന്തം ജീവിതംകൊണ്ട് തെളിയിക്കാനാണ് അവിടുന്ന് മനുഷ്യരൂപം കൊണ്ടത്.

നിന്ദിക്കപ്പെടുന്നു എന്നു പരിഭവമുള്ള ആർക്കും ധൈര്യമായി അവന്റെ അരികിൽ വരാം. കാരണം, അമ്മയുടെ ഉദരം മുതൽ അവസാനശ്വാസം വരെ പരിഹാസശരങ്ങളേറ്റ ക്രിസ്തുവോളം ആർക്കും നിന്നെ മനസ്സിലാക്കാനും ആശ്വസിപ്പിക്കാനും കഴിഞ്ഞെന്നുവരില്ല. ‘ആരും മനസ്സിലാക്കുന്നില്ല’ എന്ന് നെടുവീർപ്പിടുന്നവർക്ക് അവനരികിൽ വരാം. പിറവി മുതൽ കുരിശോളം അവനെപ്പോലെ തെറ്റുധരിക്കപ്പെട്ട മറ്റൊരാളില്ലല്ലോ. കൂടെ നടന്നവർ ഒറ്റുക്കൊടുമ്പോഴും സ്നേഹിച്ചവർ തള്ളിപ്പറയുമ്പോഴും സങ്കടവേളകളിൽ ആശ്വസിപ്പിക്കേണ്ടവർ നിർദയം ഓടിമറയുമ്പോഴും അവനു നിങ്ങളെ ആശ്വസിപ്പിക്കാനാകും. ജീവിതം തളർന്നുപോയേക്കാവുന്ന ഏത് ഇരുൾവേളകളിലും ഇങ്ങനെ വെളിച്ചം നിറയ്ക്കുന്ന ചൈതന്യമാണ് നമ്മോടുകൂടെ വസിക്കുന്ന ക്രിസ്തുസാന്നിധ്യം.

ഓരോ ശിശുവിന്റെ ജനനത്തിലും ദൈവം ഭൂമിയെ വീണ്ടും വീണ്ടും സന്ദർശിക്കുകയാണ്. ഓരോ കുഞ്ഞും ‘ഇമ്മാനുവേൽ’ ആകാനുള്ള സാധ്യതയാണ്; ദൈവസാന്നിധ്യത്തിന്റെ അടയാളമായി മണ്ണിൽ പറുദീസ തീർക്കാനുള്ള സാധ്യത. അതിന്, എന്നിലെയും നിന്നിലെയും ദൈവസാന്നിധ്യത്തെ പരസ്പരം തിരിച്ചറിഞ്ഞാൽ മതി. അപ്പോൾ, വീണ്ടും മണ്ണിൽ സായാഹ്ന സവാരിക്കിറങ്ങുന്ന ദൈവത്തിന്റെ പദനിസ്വനങ്ങൾ കേട്ടുതുടങ്ങും. ‘സ്വർഗരാജ്യം നിങ്ങളുടെ ഇടിൽത്തന്നെയുണ്ട്’ എന്ന് ദൈവപുത്രൻ പറഞ്ഞത് നിവൃത്തിയാകും. ഓരോ ദിവസവും ക്രിസ്മസായി മാറും.